(ബി) ഇത്തരം ഒരു പദ്ധതി ഭവന നിർമ്മാണ ബോർഡിന്റെ പരിഗണനയിലുണ്ടോ;

(സി) വാണിജ്യ ബാങ്കുകൾ നൽകുന്നതിനേക്കാൾ കുറഞ്ഞ പലിശക്ക് വായ്പ നൽകുവാൻ ഭവന നിർമ്മാണ ബോർഡിന് കഴിയുമോ;

(ഡി) എങ്കിൽ സംസ്ഥാന ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ പദ്ധതി ഭവന നിർമ്മാണ ബോർഡ് ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) (എ)-യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ചേർപ്പ് നിയോജക മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ

10 [5687] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ പുതിയ എത്ര വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം പണി നടക്കുന്നുണ്ട്;

(ബി) സ്ഥലം ലഭ്യമാകാത്തതിന്റെ പേരിൽ ഏതെങ്കിലും വില്ലേജാഫീസിന്റെ പണി തുടങ്ങാൻ കാലതാമസം നേരിടുന്നുണ്ടോ;

(സി) ബങ്കിണിശ്ശേരിയിൽ രണ്ടുവർഷംമുമ്പ് ഉൽഘാടനം ചെയ്ത വില്ലേജാഫീസിന്റെ പ്രവർത്തനം തുടങ്ങുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വില്ലേജ് ഓഫീസുകളിൽ ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാലു വില്ലേജാഫീസുകൾക്ക് കെട്ടിടം പണി നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ചേർപ്പ്, വല്ലച്ചിറ എന്നീ വില്ലേജാഫീസുകളുടെ പണി തുടങ്ങാൻ കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) പ്ലമ്പിംഗ്, ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തിയാകാത്തതും ജീവനക്കാരുടെ നിയമനം നടക്കാത്തതുമാണ് പ്രവർത്തനം തുടങ്ങാൻ കാലതാമസം നേരിടുന്നത്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

ബഹുനില സർക്കാർ ഓഫീസ് സമുച്ചയത്തിലെ ലിഫ്റ്റുകൾ പ്രവർത്തിപ്പിക്കാൻ നടപടി

11 [5699] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകെ ബഹുനില മന്ദിരങ്ങളിൽ പ്രവർത്തിക്കുന്ന എത്ര ഗവൺമെന്റ് ഓഫീസ് സമുച്ചയങ്ങളാണുള്ളത്;

(ബി) പ്രസ്തുത ഓഫീസ് സമുച്ചയങ്ങളിൽ എത്ര എണ്ണത്തിൽ ലിഫ്റ്റ് സംവിധാനം നിലവിലുണ്ട്;

(സി) ഈ ലിഫ്റ്റ് സംവിധാനങ്ങൾ ശരിയാംവണ്ണം പ്രവർത്തിപ്പിക്കാത്തതിനാൽ നാലാം നിലയും അഞ്ചാം നിലയും മറ്റും ഉള്ള ഓഫീസ് സമുച്ചയങ്ങളിലെ ഏറ്റവും മുകളിലത്തെ ഓഫീസുകളിൽ എത്തുവാൻ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം വികാസ് ഭവനിൽ ആകെ എത്ര ലിഫ്റ്റുകളാണ് നിലവിലുള്ളത്;

(ഇ) ഇതിൽ എത്ര എണ്ണം പ്രവർത്തനരഹിതമാണെന്ന്. വ്യക്തമാക്കുമോ;

(എഫ്) വികാസ് ഭവനിലെ എല്ലാ ലിഫ്റ്റുകളും നവീകരിച്ച് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) 8 എണ്ണം.

(ഇ) 4 എണ്ണം.

(എഫ്) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly